# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 865 12.06.2013 -ൽ മറുപടിയ്ക്ക്

## എംപ്ലോയബലിറ്റി സെന്ററുകൾ

**ചോദ്യം**

**ശ്രീ. റ്റി.എൻ.പ്രതാപൻ**
**ശ്രീ. കെ.അച്ചുതൻ**
**ശ്രീ. വി.ഡി.സതീശൻ**
**ശ്രീ. സി.പി.മുഹമ്മദ്**

**ഉത്തരം**

**ശ്രീ.ഷിബു ബേബി ജോൺ**
(ബഹു.തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി സെന്ററാക്കി മാറ്റുന്ന നടപടിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്. | (ബി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുക (എംപ്ലോയബിലിറ്റി സെന്റർ) എന്ന പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരായ തൊഴിൽ രഹിതരുടെ അഭിരുചിയും കഴിവും പലവിധ ഘട്ടങ്ങളിലൂടെ (Aptitude test, സൈക്കോമെട്രിക് ടെസ്റ്റ്) തിരിച്ചറിഞ്ഞ്, അതിലുള്ള അഭാവം കണ്ടെത്തി, പരിശീലനം നൽകിക്കൊണ്ട് അവർക്ക് യോഗ്യതയുള്ള ജോലികളിൽ അവരെ പ്രാപ്തരാക്കുന്നു. കേരളത്തിനകത്തും പുറത്തുമുള്ള തൊഴിൽദാതാക്കളുമായി സഹകരിച്ചുകൊണ്ടും നേരിട്ടും ജോബ് ഫെസ്റ്റുകൾ സംഘടിപ്പിച്ചു കൊണ്ടും ഇപ്രകാരം പരിശീലനം ലഭിച്ചവർക്ക് തൊഴിൽ നേടിക്കൊടുക്കുവാൻ അവസരം ഒരുക്കുന്നു. ഇതാണ് എംപ്ലോയബിലിറ്റി സെന്ററിന്റെ വിശാല ലക്ഷ്യം.<br>ആദ്യഘട്ടത്തിൽ ഓരോ ജില്ലയിലും എംപ്ലോയബിലിറ്റി സെന്റർ തുടങ്ങുവാനാണ് ഉദ്ദേശിക്കുന്നത്. കൊല്ലം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ എംപ്ലോയ്ബിലിറ്റി സെന്ററുകൾ ആരംഭിച്ചു കഴിഞ്ഞു. |

| | | | |
|---|---|---|---|
| (സി) | തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണാൻ എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; | (സി) | എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേന തൊഴിൽ രഹിതരെ വിവിധ തൊഴിൽ മേഖലകളിൽ പ്രാപ്തരാക്കുവാനാണ് നടപടികൾ സ്വീകരിക്കുന്നത്. ഇതിനായി നടപ്പാക്കുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br>1. തൊഴിൽ അന്വേഷകരായ അഭ്യസ്ത വിദ്യരുടെ രജിസ്ട്രേഷൻ ഓൺലൈനായി നടത്തുക.<br>2. അഭിരുചി പരീക്ഷ നടത്തുക.<br>3.അഭിരുചി പരീക്ഷയുടെ അടിസ്ഥാനത്തിൽ വിലയിരുത്തൽ നടത്തുക.<br>4. അവരുടെ കഴിവുകൾക്കനുസൃതമായി മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക; ഏത് മേഖലയിലാണ് അവർക്ക് അഭിരുചിയെന്നും അതിനായി ആവശ്യമായ പരിശീലനങ്ങൾ ഏതെല്ലാമാണെന്നുമുള്ള നിർദ്ദേശം നൽകുക.<br>5. മേൽപ്പറഞ്ഞ രീതിയിൽ വിലയിരുത്തപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് ആവശ്യമായ മേഖലയിൽ പരിശീലനം നൽകുക (വ്യക്തിത്വ വികസന പരിശീലനം, തൊഴിൽ അധിഷ്ഠിത പരിശീലനം തുടങ്ങിയവ)<br>6. സർക്കാർ, അർദ്ധസർക്കാർ സ്വകാര്യ സ്ഥാപനങ്ങളിലെ തൊഴിലുടമകളുടെ സഹകരണത്തോടെ നേരിട്ടും ജോബ്ഫെയറുകൾ സംഘടിപ്പിച്ചുകൊണ്ടും ഇപ്രകാരം പരിശീലനം സിദ്ധിച്ച് തൊഴിൽ നൈപുണ്യം നേടിയവർക്ക് തൊഴിൽ നേടുന്നതിനുള്ള അവസരമൊരുക്കുക. നിലവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്യുവർക്ക് കൂടുതലും സർക്കാർ മേഖലയിലെ തൊഴിൽ അവസരങ്ങളാണ് ലഭ്യമാകുന്നത്. എന്നാൽ ടി പദ്ധതി നടപ്പിലാക്കുന്നതിലൂടെ സ്വകാര്യ മേഖലയിലെ തൊഴിൽ അവസരങ്ങൾ കൂടി ലഭ്യമാകുമെന്നതിനാൽ തൊഴിലില്ലായ്മയ്ക്ക് ഒരു പരിധിവരെ പരിഹാരം ഉണ്ടാകുമെന്ന് കരുതപ്പെടുന്നു. |
| (ഡി) | എന്തെല്ലാം സൗകര്യങ്ങളാണ് ഇവിടെ നിന്ന് ഉദ്യോഗാർത്ഥികൾക്ക് ലഭിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ? | (ഡി) | എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേന ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാകുന്ന സൗകര്യങ്ങൾ ചുവടെ ചേർക്കുന്നു.<br>1. തൊഴിൽ അന്വേഷകരായ അഭ്യസ്ത വിദ്യരുടെ രജിസ്ട്രേഷൻ ഓൺലൈനായി നടത്തപ്പെടുന്നു.<br>2. അവർക്ക് അഭിരുചി പരീക്ഷ നടത്തപ്പെടുന്നു.<br>3. അഭിരുചി പരീക്ഷയുടെ അടിസ്ഥാനത്തിൽ അവരുടെ കഴിവുകളും താൽപര്യങ്ങളും വിലയിരുത്തപ്പെടുന്നു.<br>4. അവരുടെ കഴിവുകൾക്കനുസൃതമായി മാർഗ്ഗനിർദ്ദേശങ്ങൾ, അതായത് ഏത് മേഖലയിലാണ് അവർക്ക് അഭിരുചിയെന്നും അതിനായി |

| | | | |
|---|---|---|---|
| | | | ആവശ്യമായ പരിശീലനങ്ങൾ ഏതെല്ലാമാണെന്നും അവർക്ക് നിർദ്ദേശം നൽകാൻ കഴിയുന്നു.<br>5. മേൽപ്പറഞ്ഞ രീതിയിൽ വിലയിരുത്തപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് ആവശ്യമായ മേഖലയിൽ പരിശീലനം നൽകുന്നു. (വ്യക്തിത്വ വികസന പരിശീലനം, തൊഴിൽ അധിഷ്ഠിത പരിശീലനം തുടങ്ങിയവ)<br>6. സർക്കാർ, അർദ്ധസർക്കാർ സ്വകാര്യ സ്ഥാപനങ്ങളിലെ തൊഴിലുടമകളുടെ സഹകരണത്തോടെ നേരിട്ടും ജോബ്ഫെയറുകൾ സംഘടിപ്പിച്ചുകൊണ്ടും ഇപ്രകാരം പരിശീലനം ലഭിച്ചവർക്ക് തൊഴിൽ ലഭിക്കുന്നതിന് അവസരമൊരുക്കും. |

സെക്ഷൻ ഓഫീസർ